©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 12** Vol. XII | **തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday | 2023 മേയ് 24 24th May 2023 **1198 ഇടവം 10** 10th Idavam 1198 **1945 ജ്യേഷ്ഠം 3** 3rd Jyaishta 1945 | **നമ്പർ** No. **1733** |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എച്ച്) വകുപ്പ്

വിജ്ഞാപനം

നമ്പർ ലെഗ്.എച്ച്1/72/2023-നിയമം.

*2023 മേയ് 24*
*തിരുവനന്തപുരം, 1198 ഇടവം 10*
*1945 ജ്യേഷ്ഠം 3.*

2023 മേയ് 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2023-ലെ 1-ാം നമ്പർ ഓർഡിനൻസ്

### 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് (2012-ലെ 14-ാം ആക്റ്റ്) ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തിനാലും താൻ സത്വര നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. 2012-ലെ 14-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ, 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റിന് (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3 മുതൽ 6 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 2-ാം വകുപ്പിൽ,—

(എ) നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതാണ്;

(ബി) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൽ,—

(i) ഇനം (iv)-ൽ "നഴ്സിംഗ് വിദ്യാർത്ഥികൾ;" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "നഴ്സിംഗ് വിദ്യാർത്ഥികളും പാരാമെഡിക്കൽ വിദ്യാർത്ഥികളും;" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) ഇനം (v)-നു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(v) ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളതും ജോലി ചെയ്തുവരുന്നതുമായ പാരാമെഡിക്കൽ ജീവനക്കാർ, സെക്യൂരിറ്റി ഗാർഡുകൾ, മാനേജീരിയൽ സ്റ്റാഫ്, ആംബുലൻസ് ഡ്രൈവർമാരും ഹെൽപ്പർമാരും; കൂടാതെ";

(iii) ഇനം (v)-നു ശേഷം താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(vi) കാലാകാലങ്ങളിൽ സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു വ്യക്തിയും.";

(സി) (സി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(സിഎ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) ഖണ്ഡം (ഇ)-യിൽ,—

(i) "ആരോഗ്യരക്ഷാ സേവന പ്രവർത്തകന്" എന്ന വാക്കുകൾക്ക് ശേഷം "വാക്കാലുള്ള അപമാനമോ അല്ലെങ്കിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം.—ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി 'വാക്കാലുള്ള അപമാനം' എന്നാൽ അധിക്ഷേപിക്കണമെന്നോ അവഹേളിക്കണമെന്നോ തരംതാഴ്ത്തണമെന്നോ ഉള്ള ഉദ്ദേശത്തോടെ ഉപയോഗിക്കുന്ന വാക്കുകൾ എന്നർത്ഥമാകുന്നു.";

(ഇ) (1)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(2) ഈ ആക്റ്റിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലോ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിക്കുകയും ചെയ്തിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, അതത് സംഗതിപോലെ, പ്രസ്തുത സംഹിതകളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.".

4. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഏതൊരാളും,—

(i) ആരോഗ്യരക്ഷാ സേവന പ്രവർത്തകനെ വാക്കാൽ അപമാനിക്കുന്നതിന് മൂന്നു മാസം വരെയാകാവുന്ന വെറുംതടവിനും അല്ലെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടിയും ശിക്ഷിക്കപ്പെടാവുന്നതാണ്;

(ii) ഇനം (i)-ൽ വിനിർദ്ദേശിച്ചിട്ടുള്ള കുറ്റം ഒഴികെയുള്ള 2-ാം വകുപ്പിലെ (ഇ) ഇനത്തിൽ നിർവ്വചിച്ചിട്ടുള്ള ഒരു അക്രമ പ്രവർത്തനം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോയാണെങ്കിൽ ആറ് മാസത്തിൽ കുറയാതെയും എന്നാൽ അഞ്ച് വർഷം വരെയാകാവുന്നതുമായ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തടവുശിക്ഷയ്ക്കും അമ്പതിനായിരം രൂപയിൽ കുറയാതെയും എന്നാൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ് ;

(iii) ആരോഗ്യരക്ഷാ സേവന പ്രവർത്തകനെതിരെ ഒരു അക്രമ പ്രവർത്തനം ചെയ്യുമ്പോൾ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 320-ാം വകുപ്പിൽ നിർവ്വചിച്ചപ്രകാരമുള്ള കഠിനമായ ദേഹോപദ്രവത്തിന് അദ്ദേഹത്തെ വിധേയനാക്കുകയാണെങ്കിൽ, ഒരു വർഷത്തിൽ കുറയാതെയും എന്നാൽ ഏഴ് വർഷം വരെയാകാവുന്നതുമായ തടവുശിക്ഷയ്ക്കും ഒരു ലക്ഷം രൂപയിൽ കുറയാതെയും എന്നാൽ അഞ്ച് ലക്ഷം രൂപവരെയാകാവുന്നതുമായ പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്.";

(ബി) (2)-ാം ഉപവകുപ്പിൽ "ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിന്" എന്ന വാക്കുകൾക്ക് പകരം "ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിനോ ആരോഗ്യരക്ഷാ സേവന പ്രവർത്തകനോ, അതത് സംഗതിപോലെ," എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(സി) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) (1)-ാം ഉപവകുപ്പിലെ (ii)-ഉം (iii)-ഉം ഇനങ്ങളിലെ ഏതൊരു കുറ്റവും കൊഗ്നിസബിളും ജാമ്യം അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.".

5. <u>4എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ</u>.—പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"4<u>എ</u>. <u>അന്വേഷണം മുതലായവ സത്വരമായി പൂർത്തീകരിക്കണമെന്ന്</u>.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഏതൊരു കേസും ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസർ അന്വേഷിക്കേണ്ടതും അങ്ങനെയുള്ള കേസുകളുടെ അന്വേഷണം പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ അറുപതു ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്;

(ii) ഈ ആക്റ്റിൻ കീഴിലുള്ള ഏതൊരു കേസിന്റേയും അന്വേഷണവിചാരണയിലോ വിചാരണയിലോ നടപടിക്രമങ്ങൾ കഴിയുന്നതും വേഗത്തിൽ നടത്തേണ്ടതും പ്രത്യേകിച്ചും സാക്ഷികളുടെ വിസ്താരം ആരംഭിച്ചാൽ, അത് തുടർന്നുള്ള ദിവസങ്ങൾക്കപ്പുറത്തേക്ക് മാറ്റിവയ്ക്കേണ്ടത് ആവശ്യമാണെന്ന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രേഖപ്പെടുത്തിയ കാരണങ്ങളാൽ കോടതിക്ക് ബോദ്ധ്യപ്പെടാത്തപക്ഷം, ഹാജരായ എല്ലാ സാക്ഷികളെയും വിസ്തരിക്കുന്നതുവരെ അത് ദിനംപ്രതി തുടരേണ്ടതും അന്വേഷണവിചാരണയും വിചാരണയും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള പരിശ്രമം നടത്തേണ്ടതുമാണ്:

എന്നാൽ പ്രസ്തുത സമയത്തിനുള്ളിൽ വിചാരണ പൂർത്തീകരിക്കാത്ത സംഗതിയിൽ അപ്രകാരം പൂർത്തീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ കോടതി രേഖപ്പെടുത്തേണ്ടതാണ്:

എന്നുമാത്രമല്ല അപ്രകാരമുള്ള സമയപരിധി, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ, അങ്ങനെയുള്ള അധിക സമയത്തേക്ക് ദീർഘിപ്പിക്കാവുന്നതും എന്നാൽ ഒരു സമയം അത് ആറു മാസത്തിൽ കൂടുതൽ ദീർഘിപ്പിക്കാൻ പാടില്ലാത്തതുമാണ്.

(iii) സത്വരമായ വിചാരണ ഏർപ്പെടുത്തുന്ന ആവശ്യത്തിലേക്ക് സംസ്ഥാന സർക്കാർ ഹൈക്കോടതിയുടെ സമ്മതത്തോടുകൂടി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഈ ആക്റ്റിൻ കീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് ഓരോ ജില്ലയിലേക്കും ഒരു ക്ഷമതയുള്ള കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കേണ്ടതാണ്;

(iv) സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഓരോ സ്പെഷ്യൽ കോടതിയിലേക്കും പ്രസ്തുത കോടതിയിലെ കേസുകളുടെ നടത്തിപ്പിനായി സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയോഗിക്കാവുന്നതാണ്.”.

6. <u>7-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പ് (3)-ാം ഉപവകുപ്പ് ആയി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത ഉപവകുപ്പിനു മുമ്പ് താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതുമാണ്, അതായത്:—

“(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന വിഷയങ്ങളിൽ എല്ലാത്തിനുമോ ഏതെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതുമാണ്, അതായത്:—

(എ) ആവശ്യമായ സുരക്ഷാ ഉദ്യോഗസ്ഥർ മുതലായവരെ നിയോഗിക്കൽ;

(ബി) സി.സി.ടി.വി. ക്യാമറ, മറ്റ് സുരക്ഷാ സാമഗ്രികൾ/ഉപകരണങ്ങൾ സ്ഥാപിക്കൽ;

(സി) കൺട്രോൾ റൂമുകൾ, അലാറം സിസ്റ്റംസ് മുതലായവ ഏർപ്പെടുത്തൽ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) തല്പരകക്ഷികളെ അറിയിക്കേണ്ട പ്രധാനപ്പെട്ട വിവരങ്ങൾ പ്രദർശിപ്പിക്കൽ;

(ഇ) ഡോക്ടർമാർ, ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ മുതലായവർ എപ്രകാരം സംരക്ഷിക്കപ്പെടണമെന്നതും പെരുമാറണമെന്നതും സംബന്ധിച്ച പ്രോട്ടോക്കോളുകൾ ചിട്ടപ്പെടുത്തൽ; കൂടാതെ

(എഫ്) ആക്റ്റിനു കീഴിൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതൊരു കാര്യവും.".

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-H) Department**

NOTIFICATION

No.Leg-H1/72/2023/Law.

*Dated, Thiruvananthapuram, 24th May, 2023*
*10th Idavam, 1198*
*3rd Jyaishta, 1945.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Healthcare Service Persons and Healthcare Service Institutions (Prevention of Violence and Damage to Property) Amendment Ordinance, 2023 (1 of 2023).

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ്" published under the authority of the Governor.]

# ORDINANCE No. 1 OF 2023

## THE KERALA HEALTHCARE SERVICE PERSONS AND HEALTHCARE SERVICE INSTITUTIONS (PREVENTION OF VIOLENCE AND DAMAGE TO PROPERTY) AMENDMENT ORDINANCE, 2023

Promulgated by the Governor of Kerala in the Seventy-fourth Year of the Republic of India.

*AN*

*ORDINANCE*

*to amend the Kerala Healthcare Service Persons and Healthcare Service Institutions (Prevention of Violence and Damage to Property) Act, 2012.*

*Preamble.*— WHEREAS, it is expedient to amend the Kerala Healthcare Service Persons and Healthcare Service Institutions (Prevention of Violence and Damage to Property) Act, 2012 (Act 14 of 2012) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that the circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Healthcare Service Persons and Healthcare Service Institutions (Prevention of Violence and Damage to Property) Amendment Ordinance, 2023.

(2) It shall come into force at once.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. *Act 14 of 2012 to be temporarily amended.*—During the period of operation of this Ordinance, the Kerala Healthcare Service Persons and Healthcare Service Institutions (Prevention of Violence and Damage to Property) Act, 2012 (hereinafter referred to the as principal Act), shall have effect subject to the amendments specified in sections 3 to 6.

3. *Amendment to section 2.*—In section 2 of the principal Act,—

(a) the existing provision shall be numbered as sub-section (1);

(b) in clause (b) of sub-section (1) so numbered,—

(i) for item (iv) for the words and symbol "Nursing Students;" the words and symbol "Nursing Students and Para Medical Students;" shall be substituted;

(ii) for item (v) the following item shall be substituted, namely:—

"(v) Para Medical Workers, Security Guards, Managerial Staff, Ambulance Drivers and Helpers employed and working in healthcare service institutions; and",

(iii) after item (v), the following item shall be added, namely:—

"(vi) any other person which may be notified by the Government in the Official Gazette from time to time.";

(c) after clause (c) the following clause shall be added, namely:—

"(ca) "prescribed" means prescribed by rules made under this Act;";

(d) in clause (e),—

(i) before the word "activities" the words "verbal abuse or" shall be inserted;

(ii) the following explanation shall be added, namely:—

"*Explanation.*—For the purpose of this Act 'verbal abuse' means the words used with intention to insult, humiliate or degrade.";

(e) after sub-section (1), the following sub-section shall be inserted, namely:—

"(2) The words and expressions used but not defined in this Act and defined in the Indian Penal Code (Central Act 45 of 1860) or the Code of Criminal Procedure, 1973 (Central Act 2 of 1974), as the case may be, shall have the meaning respectively assigned to them in those Codes.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. *Amendment to section 4*.—In section 4 of the principal Act,—

(a) for sub-section (1), the following sub-section shall be substituted, namely:—

"(1) Whoever,—

(i) commits an act of verbal abuse to a healthcare service person shall be punished with simple imprisonment for a term which may extend to three months, or with fine which may extend to ten thousand rupees, or with both;

(ii) commits or attempt to commit or abets or incites the commission of an act of violence as defined in clause (e) of section 2, other than the offence specified in item (i) shall be punished with imprisonment for a term which shall not be less than six months but which may extend to five years and with fine which shall not be less than fifty thousand rupees but which may extend to two lakh rupees;

(iii) while committing an act of violence against a healthcare service person, causes grievous hurt as defined in section 320 of the Indian Penal Code, 1860 to such person, shall be punished with imprisonment for a term which shall not be less than one year but which may extend to seven years and with fine which shall not be less than one lakh rupees but which may extend to five lakh rupees.";

(b) in sub-section (2), after the words "healthcare service institution", the words and symbols "or healthcare service person, as the case may be," shall be inserted;

(c) for sub-section (4), the following sub-section shall be substituted, namely:—

"(4) Any offence under items (ii) and (iii) of sub-section (1) shall be cognizable and non-bailable.".

5. *Insertion of new section 4A*.—After section 4 of the principal Act, the following section shall be added, namely:—

"4A. *Investigation etc. to be completed expeditiously*.—Notwithstanding anything contained in the Code of Criminal Procedure, 1973,—

(i) any case registered under this Act shall be investigated by a police officer not below the rank of Inspector and the investigation of such cases shall be completed within a period of sixty days from the date of registration of First Information Report;

(ii) in every inquiry or trial of a case under this Act, the proceedings shall be held as expeditiously as possible, and in particular, when the examination of witnesses has once begun, the same shall be continued from day to day until all the witnesses in attendance have

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

been examined, unless the court finds the adjournment of the same beyond the following days to be necessary for reasons to be recorded, and an endeavour shall be made to ensure that the inquiry or trial is concluded within a period of one year:

Provided that where the trial is not concluded within the said period, the court shall record the reasons for not having done so:

Provided further that the said period may be extended by such further period, for reasons to be recorded in writing, but not exceeding six months at a time.

(iii) for the purpose of providing speedy trial, the State Government shall, with the concurrence of the High Court, by notification in the Official Gazette designate in each District a court of competent jurisdiction as a Special Court to try the offences under this Act;

(iv) for every Special Court the State Government may, by notification in the Official Gazette, designate Special Prosecutor for the purpose of conducting cases in that court.".

6. *Amendment to section 7*.—In section 7 of the principal Act, sub-section (2) shall be renumbered as sub-section (3) and before the sub-section so renumbered the following shall be added, namely:—

"(2) In particular and without prejudice to the generality of the foregoing powers, such rules may provide for all or any of the following matters, namely:—

(a) deployment of adequate security personnel etc.;

(b) installation of CCTV camera and other safety and security devices/equipments;

(c) arrangement of control rooms and alarm systems etc.;

(d) display of important informations addressing stake holders;

(e) evolving protocols as to the manner in which doctors, healthcare professionals, students etc. are to be protected/behaved; and

(f) any other matter which is required to be or may be prescribed under this Act.

ARIF MOHAMMED KHAN,

*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.05.24 06:37:32 +05:30